# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 30-09-2016 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : **132**

### വല്ലാർപാടം ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ :<br>ശ്രീ.മുല്ലക്കര രത്നാകരൻ :<br>ശ്രീമതി. ഗീതാ ഗോപി :<br>ശ്രീ. വി.ആർ.സുനിൽ കുമാർ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വല്ലാർപാടം ട്രാൻസ്ഷിപ്മെന്റ് ടെർമിനലിന്റെ ഇപ്പോഴത്തെ പ്രവർത്തനം തൃപ്തികരമാണോ ; വ്യക്തമാക്കുമോ ; | (എ) കൊച്ചി തുറമുഖം വല്ലാർപാടത്ത് സ്ഥാപിച്ചിട്ടുള്ള ICTT ടെർമിനൽ 2011 ഫെബ്രുവരി 11 മുതൽ പ്രവർത്തനക്ഷമമായി. DP വേൾഡ് എന്ന സ്ഥാപനമാണ് ടെർമിനൽ നിർമ്മിച്ച് നടത്തിവരുന്നത്. നാളിതുവരെയുള്ള പ്രവർത്തനം തൃപ്തികരമായിരുന്നില്ല എങ്കിലും, 2015 ഏപ്രിൽ മുതൽ ടെർമിനൽ 14.5% വളർച്ച കൈവരിക്കുകയും, 4,20,000 TEUS കൈകാര്യം ചെയ്യുകയും ചെയ്തു. |
| (ബി) ഒരു മില്ല്യൻ ടി.ഇ.യു. (ടെന്റിഫൂട്ട് ഇക്വലന്റ് യൂണിറ്റ്) പ്രതിവർഷം കൈകാര്യം ചെയ്യാൻ സാധിക്കുന്ന വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന് പ്രതിവർഷം 3 ലക്ഷം ടി.ഇ.യു. മാത്രമേ കൈകാര്യം ചെയ്യേണ്ടിവരുന്നുള്ളൂവെന്നത് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (ബി) ഒരു മില്ല്യൻ ടി.ഇ.യു., പ്രതിവർഷം കൈകാര്യം ചെയ്യാനുള്ള ശേഷി ടെർമിനലിനുണ്ട്. 2015-16 സാമ്പത്തിക വർഷം 4,20,000 TEUS കൈകാര്യം ചെയ്തു ടെർമിനൽ, നടപ്പ് സാമ്പത്തിക വർഷമായ 2016-17 ൽ 5,00,000 TEUS കൈകാര്യം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | |
|---|---|---|
| (സി) | ഈ പദ്ധതിക്ക് സ്ഥാപിത ശേഷി (സി) ഉപയോഗിക്കാനാകാതെ വരുന്നതിന്റെ കാരണങ്ങൾ വിശദമാക്കുമോ ? | സ്ഥാപിത ശേഷി ഉപയോഗപ്പെടുത്താത്തതിന്റെ പ്രധാന കാരണങ്ങൾ ചുവടെ ചേർക്കുന്നു<br>1. കൊളംബോ വഴിയുള്ള ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നേഴ്സ് കൊച്ചി വഴി തിരിച്ചുവിടുക എന്നതാണ് വല്ലാർപാടം ICTT യുടെ ഉദ്ദേശ്യ ലക്ഷ്യം. എന്നാൽ ഇപ്പോഴും പ്രധാന ഷിപ്പിംഗ് ലൈനുകൾ കൊളംബോയിൽ തന്നെ ട്രാൻസ്ഷിപ്പ്മെന്റ് തുടരുന്നു.<br>2. കൊച്ചിയിൽ വേണ്ടത്ര ചരക്ക് കൈകാര്യം ചെയ്യാനില്ലാത്തതാണ് ട്രാൻസ്ഷിപ്പ്മെന്റ് ഇപ്പോഴും കൊളംബോ വഴി തന്നെ തുടരാനുള്ള പ്രധാന കാരണം.<br>3. ഇതര സംസ്ഥാനങ്ങളിലെ എക്സ്പോർട്ടേഴ്സ് / ഇംപോർട്ടേഴ്സിന്റെ വിദേശ പങ്കാളികൾ കൊളംബോയിൽ നിന്നും കൊച്ചിയിലേക്ക് ചരക്കു നീക്കം മാറ്റാൻ വിമുഖത കാണിക്കുന്നു.<br>4. അമേരിക്ക പോലുള്ള വൻകിട കയറ്റുമതി രാജ്യങ്ങളിലേക്ക് കാർഗോ കൈകാര്യം ചെയ്യുന്നതിൽ കൊച്ചി വഴിയും, കൊളംബോ വഴിയുമുള്ള നിരക്കുകളിൽ വലിയ വ്യതിയാനം ഇല്ലാത്തതിനാലും ട്രാൻസ്ഷിപ്പ്മെന്റ് ഇപ്പോഴും മാറ്റമില്ലാതെ കൊളംബോയിൽ തന്നെ തുടരുന്നു. |

**സെക്ഷൻ ഓഫീസർ**